**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2494** **17-03-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി നേരിടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള നടപടികളിലൂടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. |
| (ബി) | സാമ്പത്തിക പ്രതിസന്ധി വികസന പ്രവർത്തനങ്ങളെ നിശ്ചലമാക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് വെട്ടിച്ചുരുക്കേണ്ടി വന്നിട്ടുള്ളത്; വെളിപ്പെടുത്തുമോ; | (ബി) | ഇല്ല |
| (സി) | തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് കുറച്ചത്; വിശദമാക്കുമോ? | (സി) | വെട്ടിക്കുറച്ചിട്ടില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാമത്തെ റിപ്പോർട്ടിലെ 7-ാം നമ്പർ ശിപാർശ അംഗീകരിച്ചുകൊണ്ട് ഒരിക്കൽ ബജറ്റിൽ ഉൾക്കൊള്ളിച്ച് കഴിഞ്ഞാൽ സംസ്ഥാനത്തിന്റെ പദ്ധതി അടങ്കൽ വെട്ടിക്കുറച്ചാലും പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതം ഭാവിയിൽ കുറയ്ക്കില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ട് പദ്ധതി അടങ്കലിന്റെ 30 ശതമാനം ആകുന്നതുവരെ ഓരോ വർഷവും 0.5 ശതമാനം വീതം വർദ്ധിപ്പിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ